# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 925 30.01.2019 -ലെ മറുപടി

### ഡാമുകളിലെ മണലിന്റെ കണക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡാമുകളിലെ മണൽ സംബന്ധിച്ച മതിപ്പ് കണക്ക് ഉണ്ടാക്കുവാനും മണൽ വാരുന്നതിനുള്ള പദ്ധതി ടെൻഡർ ചെയ്യുന്നതിനും തീരുമാനം എടുത്തിരുന്നോ; | (എ) തീരുമാനം എടുത്തിരുന്നു. |
| (ബി) സംസ്ഥാനത്തുണ്ടായ പ്രളയം മൂലം ഡാമുകളിലെ മണൽ ഒഴുകിപ്പോകാനിടയായ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച തീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ പ്രളയം മൂലം ഡാമുകളിൽ മണൽ ഒഴുകി പോകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. മണൽ വാരുന്നതിനായിട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു |
| (സി) മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ഡാമുകളിൽ നിന്നും മണൽ വാരുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമായിരുന്നോ; അല്ലെങ്കിൽ ലക്ഷക്കണക്കിന് രൂപ നഷ്ടം വരുത്തുന്ന ഇത്തരം പദ്ധതികൾ ഉപേക്ഷിക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ? | (സി) ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും, സെഡിമെന്റ്സ് നീക്കുന്നതിനും, മണൽ, ക്ലേ എന്നീ ഘടകങ്ങൾ വേർതിരിച്ചെടുത്ത് ഉപയോഗപ്പെടുത്തുന്നതിനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്.ഒ.പി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന എക്സ്പേർട്സ്, സ്ഥാപനങ്ങൾ എന്നിവ വഴി സൂക്ഷ്മ നിരീക്ഷണം നടത്തിയിരുന്നു. എസ്.ഒ.പി. പ്രകാരം ഡിസിൽറ്റേഷൻ നടത്തുക വഴി, പാളിച്ചകൾ ഒഴിവാക്കി വിജയകരമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ

ﾉ